**കേരള സർക്കാർ**

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പൊതുവിദ്യാഭ്യാസ വകുപ്പിലെ വിദ്യാഭ്യാസ ഉപഡയറക്ടർ/ ജില്ലാവിദ്യാഭ്യാസ ഓഫീസർമാരുടെ സ്ഥലംമാറ്റം/ സ്ഥാനക്കയറ്റം നൽകി നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**പൊതുവിദ്യാഭ്യാസ (സി) വകുപ്പ്**

സ.ഉ.(സാധാ)1507/2018/പൊ.വി. തീയതി, തിരുവനന്തപുരം 19.04.2018

=====================================================================

പരാമർശം:- 1) സ.ഉ.(പി)നം.6/2018/പൊവി തീയതി 13.03.2018

2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.03.2018 ലെ ഡി3/943/2018/ഡിപിഐ നമ്പർ കത്ത്.

3) സ.ഉ(എം.എസ്)167/2016/പൊവി തീയതി 03.10.2016.

**ഉത്തരവ്**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (2)ലെ ശുപാർശയിൻപ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ വിദ്യാഭ്യാസ ഉപഡയറക്ടർ കേഡറിൽ ജോലിചെയ്തുവരുന്ന താഴെപറയുന്ന ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറായി സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി.സി.ഐ.വത്സലയെ കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറായി നിലവിലുള്ള ഒഴിവിലും,

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യലയത്തിൽ ചീഫ് പ്ലാനിംഗ് ഓഫീസറായി ജോലി നോക്കി വരുന്ന ശ്രീമതി.ദീപാ മാർട്ടിനെ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറായി നിലവിലുള്ള ഒഴിവിലും,

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യലയത്തിൽ പ്രോജക്ട് ഓഫീസറായി ജോലി നോക്കി വരുന്ന ശ്രീമതി.നിർമ്മലാ ദേവിയെ ശ്രീമതി.ദീപാ മാർട്ടിനെ സ്ഥലംമാറ്റുന്ന ഒഴിവിൽ ചീഫ് പ്ലാനിംഗ് ഓഫീസറായി നിയമിച്ച് ഉത്തരവാകുന്നു.

2). പരാമർശം (1) ഉത്തരവ് പ്രകാരം സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന ഡി.ഇ.ഒ.മാരെ ഡി.പി.ഐ.യുടെ ശുപാർശയിൻ പ്രകാരം 45800-89000 രൂപ ശമ്പള നിരക്കിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

i. ശ്രീമതി.എൻ.ആർ.മല്ലിക

ii. ശ്രീമതി.റ്റി.ഷീല

3). ടി ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകുമ്പോൾ ടിയാരെ താഴെപ്പറയും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

i) ശ്രീമതി.എൻ.ആർ.മല്ലികയെ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ ആയി നിലവിലുള്ള ഒഴിവിലും.

ii) ശ്രീമതി.റ്റി.ഷീലയെ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ ആയി ശ്രീമതി.സി.ഐ.വത്സലയെ സ്ഥലംമാറ്റുന്ന ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

4). പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയിൻ പ്രകാരം DEO തസ്തികയിൽ ജോലിചെയ്തുവരുന്ന താഴെപറയുന്ന ഉദ്യോഗസ്ഥരെ സ്ഥലംമാറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

1. വയനാട് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാനിൽ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ ആയ ശ്രീ.മനോജ് കുമാറിനെ വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറായി നിലവിലുള്ള ഒഴിവിലും

2. വയനാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറായ ശ്രീ.കെ.രാധാകൃഷ്ണനെ തളിപ്പറമ്പ് ജില്ലാ വിദ്യാഭ്യാസ ഓഫീസറായി ശ്രീമതി.ഗീത.എൻ-നെ സ്ഥലംമാറ്റുന്ന ഒഴിവിലും

3. തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറായിരിക്കെ പരിവർത്തിതാവധിയിൽ ആയിരുന്ന ശേഷം തിരികെ ജോലിയിൽ പ്രവേശിച്ച ശ്രീമതി.ഷില.ഒ.ജെ-യെ കാസർഗോഡ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാനിൽ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ ആയി ശ്രീമതി.പുഷ്പയെ സ്ഥലംമാറ്റുന്ന ഒഴിവിലും,

4. തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറായ ശ്രീമതി.മിനി.വി.പി-യെ കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസറായി നിലവിലുള്ള ഒഴിവിലും

5. തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസറായ ശ്രീമതി.ഉഷ.ജി-യെ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറായി നിലവിലുള്ള ഒഴിവിലും

6. തളിപ്പറമ്പ് ജില്ലാ വിദ്യാഭ്യാസ ഓഫീസറായ ശ്രീമതി.ഗീത.എൻ-നെ തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറായി, ശ്രീമതി.മിനി.വി.പി-യെ സ്ഥലംമാറ്റുന്ന ഒഴിവിലും

7. തലശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറായ ശ്രീമതി.ശശിപ്രഭ-യെ മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസറായി നിലവിലുള്ള ഒഴിവിലും

8. കാസർഗോഡ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാനിൽ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ ആയ ശ്രീമതി.പുഷ്പയെ കാഞ്ഞങ്ങാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറായി നിലവിലുള്ള ഒഴിവിലും

9. പത്തനംതിട്ട ജില്ലാവിദ്യാഭ്യാസ ഓഫീസറായ ശ്രീമതി.പി.എ.ശാന്തമ്മയെ തിരുവല്ല ജില്ലാവിദ്യാഭ്യാസ ഓഫീസറായി നിലവിലുള്ള ഒഴിവിലും സ്ഥലംമാറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

5). പരാമർശം (3) പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ട്രെയിനിമാരായി നിയമനം ലഭിച്ചിട്ടുള്ളതും 31.03.2018-ൽ ട്രെയിനിംഗ് പൂർത്തീകരിച്ചതുമായ താഴെപറയുന്ന ഉദ്യോഗസ്ഥരെ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയിൻ പ്രകാരം 42500-87000/- രൂപ ശമ്പള നിരക്കിൽ റഗുലർ തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു.

1. ശ്രീ.സന്തോഷ് കുമാർ.എസ്
2. ശ്രീ.ശശീന്ദ്രവ്യാസ്.വി.എ
3. ശ്രീമതി.ഹണി.ജി.അലക്സാണ്ടർ
4. ശ്രീ.സുബിൻ പോൾ

6). മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർക്ക് താഴെപ്പറയും വിധം നിയമനം നൽകി ഉത്തരവാകുന്നു.

1. ശ്രീ.സന്തോഷ് കുമാർ.എസ്-നെ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയി നിലവിലുള്ള ഒഴിവിലും

2. ശ്രീ.ശശീന്ദ്രവ്യാസ്.വി.എ-യെ ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയി നിലവിലുള്ള ഒഴിവിലും

3. ശ്രീമതി.ഹണി.ജി.അലക്സാണ്ടർ-നെ വയനാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയി ശ്രീ.കെ.രാധാകൃഷ്ണനെ സ്ഥലംമാറ്റുന്ന ഒഴിവിലും

4. ശ്രീ.സുബിൻ പോൾ-നെ മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയി നിലവിലുള്ള ഒഴിവിലും നിയമിച്ച് ഉത്തരവാകുന്നു.

7`). പരാമർശം (1) പ്രകാരം സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയിൻ പ്രകാരം 42,500-87,000/- രൂപ ശമ്പള നിരക്കിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ തസ്തികയിൽ റഗുലർ വ്യവസ്ഥയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

1. ശ്രീ.ബാലകൃഷ്ണൻ.കെ, പ്രഥമാദ്ധ്യാപകൻ, ഗവ.എച്ച്.എസ്.എസ്, നായർകുഴി (താമരശ്ശേരി)

2. ശ്രീമതി.ശോഭന.കെ പ്രഥമാദ്ധ്യാപിക, ജി.എഫ്.എച്ച്.എസ്.പുതിയാപ്പ.

3. ശ്രീ.മനോഹർ ജവഹർ.കെ.കെ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊയിലാണ്ടി.

4. ശ്രീമതി.ഗൗരി.കെ.കെ, ആർ.ഇ.സി, ഗവ.വി.എച്ച്.എസ്.എസ്, താമരശ്ശേരി.

1. ശ്രീ.കെ.ബാലകൃഷ്ണനെ വയനാട് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാനിൽ (RMSA)അസിസ്റ്റന്റ് പ്രാജക്ട് ഓഫീസർ ആയി അന്യത്ര സേവനത്തിൽ ശ്രീ.മനോജ് കുമാറിനെ സ്ഥലംമാറ്റുന്ന ഒഴിവിലും

2. ശ്രീമതി.ശോഭന.കെ.യെ തലശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറായി ശ്രീമതി.ശശിപ്രഭയെ സ്ഥലം മാറ്റുന്ന ഒഴിവിലും

3. ശ്രീ.മനോഹർ ജവഹർ-നെ തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറായി നിലവിലുള്ള ഒഴിവിലും,

4. ശ്രീമതി.ഗൗരി.കെ.കെ.യെ തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസരായി ശ്രീമതി.ഉഷ.ജി.യെ സ്ഥലംമാറ്റുന്ന ഒഴിവിലും നിയമിച്ച് ഉത്തരവാകുന്നു.

*(ഗവർണറുടെ ഉത്തരവിൻ പ്രകാരം)*

**അജി ഫിലിപ്പ്**

ഗവ.ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (GEDN/സി3/27/2017/പൊ.വി.വ.)

ഉത്തരവിൻപ്രകാരം

**സെക്ഷൻ ഓഫീസർ**

പകർപ്പ് - വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്

പുറത്തെഴുത്ത് നമ്പർ ഡി3/943/2018/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി 19.04.2018.

സർക്കാർ ഉത്തരവ്നമ്പർ സ.ഉ.(സാ.ധാ.) 1507/2018/പൊ.വി.വ. തീയതി 19.04.2018. ബന്ധപ്പെട്ട ഓഫീസർമാരുടെ അറിവിലേക്കായി അയക്കുന്നു.

പൊതു വിദ്യാഭ്യാസഡയറക്ടർക്കു വേണ്ടി

ബന്ധപ്പെട്ട എല്ലാ വ്യക്തികൾക്കും/ കാര്യാലയ മേധാവികൾക്കും
കരുതൽഫയൽ/ഓഫീസ്കോപ്പി